# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 173

09.06-2014-ലെ മറുപടിയ്ക്ക്

## ഇരുമ്പയിര് ഖനനം സംബന്ധിച്ച ആരോപണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ | **രമേശ് ചെന്നിത്തല**<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ല യിലെ ഇരുമ്പയിര് ഖനനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണം വിജിലൻസ് അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ ഇരുമ്പയിര് ഖനനത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണത്തിലുള്ള വിജിലൻസ് അന്വേഷണം നടന്നുവരുന്നു. |
| ബി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | ബി) 09/12/2013 തീയതിയിലെ 15179/ബി1/2013/വിജി നമ്പർ കത്ത് പ്രകാരം പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ വി.ഇ.11/2013/എസ്.ആർ.റ്റി എന്ന നമ്പറിൽ വിജിലൻസ് അന്വേഷണം തുടങ്ങുകയും ചെയ്തു. |
| അന്വേഷണത്തിന് വ്യവസായ | സി) ഉണ്ട്; M/s.MSPL ലിമിറ്റഡിന് |

| | | | |
|---|---|---|---|
| | വകുപ്പ് ശുപാർശ നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | | മൈനിങ് ലീസ് അനുവദിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകിയതു സംബന്ധിച്ച ആരോപണങ്ങളെ ക്കുറിച്ച് ഒരു പ്രത്യേക ടീമിനെ കൊണ്ട് വിജിലൻസ് അന്വേഷണം നടത്തണമെന്നാണാ വശ്യപ്പെട്ടിട്ടുള്ളത്. |
| ഡി) | എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | ഡി) | കോഴിക്കോട്ടുള്ള ചക്കിട്ടപ്പാറ, കാക്കൂർ വില്ലേജുകളിലെ നടുവല്ലൂർ, രാമല്ലൂർ ദേശങ്ങളിൽ ഇരുമ്പയിര് ഖനനം നടത്തുന്നതിന് MSPL എന്ന കമ്പനിക്ക് മൈനിങ് ലീസ് നൽകിയതുമായി ബന്ധപ്പെട്ട ആരോപണങ്ങളിലാണ് അന്വേഷണം നടത്തുന്നത്. |
| ഇ) | അന്വേഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഇ) | അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീ.പി.വിജയാനന്ദ് ഐ.പി.എസിന്റെ നേതൃത്വത്തിൽ വിജിലൻസിലെ വിവിധ അന്വേഷണ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണ നടപടികൾ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ